# വേദപുസ്തകവും കേരളനവോത്ഥാനവും

## ഡി ബാബുപോൾ

വെള്ളക്കാർ തങ്ങളെ എന്നും കീഴാളരും അടിമകളുമായി നിലനിർത്താനാണ് മോഹിച്ചതെങ്കിൽ അവർ തങ്ങൾക്കു വേദപുസ്തകം ലഭ്യമാക്കരുതായിരുന്നു എന്നു പറഞ്ഞത് വർണവിവേചനത്തിനെതിരേ പൊരുതിയ ആർച്ച്ബിഷപ്പ് ഡെസ്മണ്ട് ടുട്ടു. നീതിക്കായി ദാഹിക്കുന്ന ഏതു വിപ്ലവകാരിയുടേയും കൈയിൽ ചെന്നു പെടാവുന്ന ഏറ്റവും ശക്തമായ ആയുധം ബൈബിളാണ് എന്നു ടുട്ടുവും കൂട്ടരും കരുതി.

വേദപുസ്തകത്തിന്റെ ഈ പ്രാധാന്യവും രാഷ്ട്രീയമാനവും ശ്രദ്ധിക്കപ്പെട്ടത് സാക്ഷരത വ്യാപകമാവുകയും അച്ചടി പ്രചാരത്തിൽ വരികയും ചെയ്തതിനു ശേഷമായിരുന്നു. നവീകരണത്തിന്റെ പ്രയോക്താക്കളാണ് അധികാരസ്ഥാനങ്ങളെ വെല്ലുവിളിക്കാനുള്ള ധൈര്യം പകരുന്ന മാനിഫെസ്റ്റോ ആയി ബൈബിളിനെ അവതരിപ്പിച്ചത് എന്നു പറയാറുണ്ട്. ഒപ്പം യാഥാസ്ഥിതികരും തങ്ങളുടെ നിലപാടിനു ബലം പകരാൻ ബൈബിളിൽത്തന്നെ വക കണ്ടു.

യൂറോപ്യൻ നവോത്ഥാനത്തിനു മുമ്പ്, സാധാരണസായിപ്പിനു ബൈബിൾ സുറിയാനിക്രിസ്ത്യാനികളുടെ പഴയ "പാൽപ്പുസ്തകം" പോലെയോ, മഹാപുരുഷന്മാരുടെ ഊറീമുകളുടേയും തുമ്മീമുകളുടേയും ഒരു പരിഷ്കൃതരൂപം പോലെയോ, അനുഗ്രഹിക്കാനും ശപിക്കാനും ഉപയോഗിക്കാവുന്ന വാക്യങ്ങളുടെ കലവറയും, യഹൂദന്മാർ പട്ടയിൽ എഴുതിയതു പോലെ കോട്ടിന്റെ കീശയിൽ തുന്നിച്ചേർക്കാനുള്ള ദൈവവചനവും ഒക്കെ ആയിട്ടല്ലാതെ, ബൈബിൾ എന്തു പറയുന്നു എന്നറിയാൻ സാധാരണക്കാരനെ ബാധ്യതപ്പെടുത്തുന്ന ഗ്രന്ഥമായി കാണാൻ കഴിഞ്ഞിരുന്നില്ല. അതായത്, ബൈബിൾ ആധ്യാത്മികസന്ദേശം എന്നതിലുപരി, മാജിക്കുകാരന്റേയോ മന്ത്രവാദിയുടേയോ ആയുധം മാത്രമായിരുന്നു. അങ്ങനെയൊരു സാധനം ആശാരിയുടേയും മൂശാരിയുടേയും കൈവശം എത്തുന്നതിനെ ഭയന്നവരാണു പതിന്നാലാം നൂറ്റാണ്ടിൽ വൈക്ലിഫിനെ എതിർത്തത്. പതിനാറാം നൂറ്റാണ്ടിലും ബൈബൈൾ പരിചയം വ്യാപകമാവുന്നത് 'ആട് ഇടയനേയും, ഭാര്യ ഭർത്താവിനേയും, ജനം പട്ടക്കാരനേയും' പഠിപ്പിക്കുന്നതിലേയ്ക്കു നയിക്കും എന്ന ഭയം ബൈബിൾ ഇംഗ്ലീഷിലേയ്ക്കു വിവർത്തനം ചെയ്ത ചിലർക്കെങ്കിലുമുണ്ടായിരുന്നു. മാർട്ടിൻ ലൂഥർ പോലും "ഒരുത്തൻ പൊരുൾ തിരിച്ചുതരാഞ്ഞാൽ എങ്ങനെ ഗ്രഹിക്കും" എന്നു ചോദിച്ച എത്യോപ്യൻ ഷണ്ഡനെ അനുസ്മരിപ്പിക്കുമാറ് അവിദ്യാലംകൃതരായ അൽമായക്കാർക്ക് ബൈബിൾ ഗ്രഹിക്കാൻ വേദോപദേശം ഒപ്പമുണ്ടാവണം എന്നു കരുതിയിരുന്നു. പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണു ബൈബിൾ ആർക്കും വാങ്ങിവായിക്കാവുന്ന ഗ്രന്ഥമായി യൂറോപ്പിൽ അംഗീകരിക്കപ്പെട്ടത്.

ബൗദ്ധികലോകത്തു ബൈബിൾ സ്വാധീനം ചെലുത്തിയതും ഏതാണ്ട് നവോത്ഥാനത്തോടു ചേർത്തുവായിക്കാവുന്നതാണ്. "പഠിക്കാൻ നമുക്കു രണ്ടു പുസ്തകങ്ങളുണ്ട്, ദൈവഹിതം വെളിപ്പെടുത്തുന്ന വേദപുസ്തകവും ദൈവശക്തി വെളിപ്പെടുത്തുന്ന സൃഷ്ടിയും; ആദ്യത്തേതു പഠിക്കാൻ പരിശോധിക്കേണ്ട പാഠപുസ്തകമാണു രണ്ടാമത്തേത്" എന്നു ഫ്രാൻസിസ് ബേക്കൺ (1561-1626) പറഞ്ഞു. തുടർന്നു വന്ന രണ്ടു നൂറ്റാണ്ടുകളിൽ ശാസ്ത്രീയജ്ഞാനത്തിലുണ്ടായ വർദ്ധന ഈ പ്രസ്താവനയിൽ നിന്നു തുടങ്ങുന്നതായി ക്വീൻസ്‌ലന്റ് സർവകലാശാലയിലെ പീറ്റർ ഹാരിസൺ നിരീക്ഷിച്ചിട്ടുണ്ട്. എന്നാൽ പ്രകൃതിസ്രഷ്ടാവിന്റെ ശക്തിയും വിവേകവും തെളിയിക്കുന്നുണ്ടെങ്കിലും സ്രഷ്ടാവിന്റെ സ്വഭാവം അറിയണമെങ്കിൽ വേദപുസ്തകം തന്നെയാണു ശരണമെന്നു ബേക്കൺ തന്നെ പറഞ്ഞതും ഇവിടെ ഓർമ്മിക്കണം. ഗലീലിയോ, ബോയ്ൽ തുടങ്ങിയവരൊക്കെ പ്രകൃതിയേയും ശാസ്ത്രത്തേയും പഠിച്ചവരാണ്. അവരുടെ അന്വേഷണങ്ങളുടെ വിശദാംശങ്ങളോ അവരെത്തിച്ചേർന്ന നിഗമനങ്ങളോ ഈ പ്രകൃതത്തിൽ പരിശോധിക്കേണ്ടതില്ല. അവരുടെ പ്രചോദനസ്രോതസ്സ് വേദപുസ്തകമായിരുന്നു എന്നാണു പറയാൻ ശ്രമിക്കുന്നത്. സങ്കീർത്തനം 19:1, റോമാലേഖനം 1:20 എന്നിവ വേലിയുടെ രണ്ടു വശത്തു നിന്നും വായിക്കാവുന്നതാണെങ്കിലും അറിവിന്റെ പുതിയ അധ്യായങ്ങൾ രചിക്കുവാൻ അവ പ്രേരകമായി എന്നതാണ് ഇവിടെ പ്രധാനം.

ബൈബിളിന്റെ പുനർവായനകൾ ചരിത്രത്തിന്റെ ദർശനത്തെ രൂപപ്പെടുത്താൻ സഹായിച്ചു. ഒറൈത്തായുടെ അഞ്ചു പുസ്തകങ്ങളിൽ മനുഷ്യരാശിയുടെ ചരിത്രം പരിമിതപ്പെടുത്താവതല്ലെന്നു കണ്ടെത്താൻ സഹായിച്ചതും മറ്റൊന്നല്ല. സാഹിത്യം, സംഗീതം, ചിത്രകല, ശില്പകല എന്നിങ്ങനെ നവോത്ഥാനമുദ്രകൾ തെളിഞ്ഞിട്ടുള്ള സമസ്തമേഖലകളേയും വേദപുസ്തകം സ്വാധീനിച്ചു.

ഭാരതം പോലെ ഒരു ബഹുസ്വരസമൂഹത്തിൽ ബൈബിൾ പുനർവായനയ്ക്കു വിധേയമാകേണ്ടതുണ്ട്. രാജാറാം മോഹൻ റോയിയും ജോഷ്വാ മാർഷ്മാനും തമ്മിൽ നടന്ന വാദപ്രതിവാദങ്ങളും, കുമരപ്പയും ആർച്ച് ബിഷപ്പ് വെസ്റ്റ്കോട്ടും തമ്മിലുണ്ടായ സംവാദവും, യഹൂദസമൂഹത്തിൽ ഏകദൈവവിശ്വാസം ഇന്നത്തെ രൂപം പ്രാപിച്ചതു പ്രവാസാനന്തരമാണെന്നു കാരൺ ആംസ്ട്രോങ് പറയുന്നത് അനുസ്മരിച്ചുകൊണ്ട് ദൈവരൂപങ്ങൾ ശ്രദ്ധയ്ക്കായി മത്സരിക്കുന്ന പൗരസ്ത്യദേശത്തു പുതിയൊരു ഹെർമന്യൂട്ടിക്സ് ഉണ്ടാകേണ്ടതുണ്ടെന്നു വാദിക്കുന്ന സുകൃതരാജിനെപ്പോലുള്ളവരുടെ ചിന്താപദ്ധതികളും ഭാരതത്തിൽ ബൈബിളിന്റെ സ്വാധീനതയെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ മറന്നുകൂടാ. മലയാളിക്കു ബൈബിൾ ലഭ്യമായ കാലത്തെ ബൗദ്ധികാന്തരീക്ഷമല്ല ഇന്നീ നാട്ടിലുള്ളതെന്നു സൂചിപ്പിക്കുന്നത് ബൈബിൾ കഴിഞ്ഞ പത്തിരുന്നൂറ്റൻപതു കൊല്ലമായി നമ്മുടെ സമൂഹത്തിലും സാഹിത്യത്തിലും ചെലുത്തുന്ന സദ്പ്രേരണകൾ തിരിച്ചറിയുന്നതിൽ നിന്നു നമ്മെ തടയരുതെന്നു പറയാനാണ്. വേദപുസ്തകം രണ്ടു വട്ടം മുറിച്ചുകടക്കാൻ കഴിയാത്ത, അനുനിമിഷം പരിണാമവിധേയമായ നദിയെപ്പോലെയാണെന്ന് ഓർമ്മിപ്പിക്കാനാണ് ഇതു പറയുന്നത്.

തോമാശ്ലീഹായുടെ കാലത്തു പുതിയനിയമമില്ല. ക്നായിത്തോമ്മായുടെ കാലത്തും അത് ഇന്നത്തെ രൂപത്തിൽ ലഭ്യമായിരുന്നിരിക്കാനിടയില്ല. എങ്കിലും സാബോർ - അഫ്രോത്ത് കാലം ആയപ്പോഴേയ്ക്കും വൈദികർക്കെങ്കിലും ബൈബിൾ ഇന്നത്തെ രൂപത്തിൽത്തന്നെ ലഭ്യമായിരുന്നിരിക്കണം. ആ ബൈബിൾ പകർത്തിയെഴുതിയിരുന്നിരിക്കണം. അതു കൂടുതൽ പ്രതികൾ ലഭ്യമാക്കാനുമാവാം, ഒരു ആദ്ധ്യാത്മികാനുഷ്ഠാനമെന്ന നിലയിലുമാവാം. ഇപ്പോഴും വേദപുസ്തകം സ്വന്തം കൈയക്ഷരത്തിൽ പകർത്തിയെഴുതി ദൈവത്തെ പ്രസാദിപ്പിക്കുന്ന ശുദ്ധാത്മാക്കളുണ്ടല്ലോ. ക്ളോഡിയസ് ബുക്കാനൻ വന്ന കാലത്തു നമ്മുടെ റമ്പാന്മാർ വേദപുസ്തകം മലയാളത്തിലാക്കിയതും അതേ മനസ്സോടെയാവണം. അതായത്, മലയാളം ബൈബിൾ ഉണ്ടാകുന്നതിനും മുമ്പു തന്നെ മലയാളിക്കു ബൈബിളുണ്ടായിരുന്നു. അതു വൈദികർക്കും - അവരിൽത്തന്നെ സുറിയാനി അറിയാവുന്നവർക്കും - മാത്രമായിരുന്നു പ്രാപ്തം എന്നു മാത്രം. അതിന്റെ സാമൂഹികമാനങ്ങൾ ശ്രദ്ധിക്കുവാൻ തക്കവണ്ണം ആരും അതു പഠനത്തിനോ വിമർശനത്തിനോ വിധേയമാക്കിയിരുന്നുമില്ല.

മൺറോയുടെ കാലം മുതലാണു കേരളത്തിൽ നവോത്ഥാനം തുടങ്ങുന്നത് എന്നാണ് എന്റെ പക്ഷം. പോർച്ചുഗീസുകാരുടെ കാലത്തു ധനാത്മകമായും ഋണാത്മകമായും സാസ്കാരികഭൂമികയിൽ ഇടപെടലുകളുണ്ടായി. അർണോസ് പാതിരി ആദ്യത്തേതിനും മെനെസിസ് രണ്ടാമത്തേതിനും അടയാളങ്ങൾ. ഡച്ചുകാരാകട്ടെ, ഹോർത്തുസ് മലബാറിക്കുസ്സിലും വാൻറീഡിന്റെ കത്തുകളിലും മാത്രമാണ് അടയാളങ്ങൾ അവശേഷിപ്പിച്ചത്. ബ്രിട്ടീഷുകാരും ശീമയിൽ നിന്നു വന്ന സുറിയാനി പിതാക്കന്മാരും കേരളീയസമൂഹത്തെ ഒന്നായി കാണാനോ, അവരുടെ നവോത്ഥാനത്തിലൂടെ ഒരു പുതിയ യുഗം സൃഷ്ടിക്കണം എന്ന ചിന്തയോടെ എന്തെങ്കിലും ചെയ്യാനോ ശ്രമിച്ചെന്നു തോന്നുന്നില്ല. ബ്രിട്ടീഷുകാർക്കു വ്യാപാരവും അതിന് ആവശ്യമായത്ര രാഷ്ട്രീയാധികാരവും മാത്രമായിരുന്നു കൗതുകം. സുറിയാനി പിതാക്കാന്മാരാകട്ടെ, സ്വന്തം വിശ്വാസം പങ്കിട്ടവരെ ആ വിശ്വാസത്തിൽ ഉറപ്പിക്കാനാവുന്ന അനുഷ്ഠാനവിധാനങ്ങളിലാണു ശ്രദ്ധിച്ചത്. അതുകൊണ്ടാണു മൺറോ മുതലാണു നമ്മുടെ നവോത്ഥാനചരിത്രം തുടങ്ങുന്നതെന്നു നേരത്തേ പറഞ്ഞതും.

മൺറോ ഒരു മിഷണറി ആയിരുന്നു മനസ്സുകൊണ്ട്. വൈദികനാകാൻ മോഹിച്ച് സൈനികനായ ആളായിരുന്നുവല്ലോ അദ്ദേഹം. മതപരിവർത്തനം അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നില്ല. എന്നു മാത്രമല്ല, ക്ഷേത്രങ്ങളേയും അദ്ദേഹം ആദരിച്ചിരുന്നു താനും. മൺറോയുടെ ശ്രീപത്മനാഭഭക്തിയെക്കുറിച്ച് കൊട്ടാരത്തിൽ ശങ്കുണ്ണി പറഞ്ഞിട്ടുണ്ട്. ആ സംഭവത്തിന് ഭാഷ്യഭേദമുണ്ട്. തിരുവിതാംകൂറിന്റെ ചരിത്രവഴികൾ പരാമർശിക്കുന്ന എന്റെ ലേഖനങ്ങളിൽ ഒന്നു

രണ്ടിടത്തു ഞാൻ അക്കാര്യം പരാമർശിച്ചിട്ടുമുണ്ട്. മൺറോ തിരുവിതാംകൂറിന്റെ കുലദേവതയെ ആദരിച്ചിരുന്നു. പ്രാദേശികജന്മിമാരിൽ നിന്ന് ഇതരക്ഷേത്രങ്ങളുടെ സ്വത്തു വീണ്ടെടുക്കാനായി ദേവസ്വം ഭരണം ഏറ്റെടുത്തതും അദ്ദേഹത്തിന്റെ ഈശ്വരവിശ്വാസത്തിനും ഹിന്ദുമതത്തോടുള്ള ബഹുമാനത്തിനും തെളിവാണ്. വേണമെങ്കിൽ ദിവാനായി തുടരാമായിരുന്നിട്ടും നാട്ടാചാരങ്ങൾ പാലിക്കുന്നൊരു ഹിന്ദു ദിവാനാകുന്നതാണു നല്ലതെന്ന് മദിരാശിയിലെ ഗവർണറേയും ബ്രിട്ടനിലെ പാർലമെന്റിനേയും ബോധ്യപ്പെടുത്തിയ വ്യക്തിയായിരുന്നു മൺറോ. അതായത്, മൺറോ മതം മാറ്റാൻ ശ്രമിച്ച മിഷണറി ആയിരുന്നില്ല. അദ്ദേഹം ബൈബിളിലെ സമദർശനവും ഗിരിപ്രഭാഷണത്തിലെ സുവിശേഷചൈതന്യവും ഉൾക്കൊണ്ടുകൊണ്ട്, തന്റെ ചുമതലയിൽ ഏല്പിക്കപ്പെട്ട ജനസമൂഹത്തിന്റെ പുരോഗതിക്കുമൊപ്പം അവരിലെ ക്രിസ്ത്യാനികളെ സുവിശേഷദീപ്തിയിൽ നവീകരിക്കാനും മോഹിച്ച മഹാത്മാവായിരുന്നു. മൺറോ ഇട്ട അടിത്തറയിലാണു കേരളത്തിന്റെ നവോത്ഥാനം ഫലം കണ്ടത്. മൺറോ ദിവാനായതു വലിയ സൗഭാഗ്യമായി സി കേശവൻ വിവരിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല. മൺറോ റസിഡന്റും ദിവാനുമായി വന്നില്ലായിരുന്നുവെങ്കിൽ "ഏഴജാതികൾക്ക് അന്ന് അഭയം എവിടെ കിട്ടുമായിരുന്നു എന്നും ഈ രാജ്യത്തെ വിദ്യാഭ്യാസനിലവാരം എങ്ങനെ നിൽക്കുമായിരുന്നു എന്നും ഊഹിക്കുവാൻ സാധ്യമല്ല. ഹിന്ദു ദേവസ്വങ്ങൾക്കും അന്നത്തെ ഊർദ്ധ്വനിൽ ഒടുങ്ങുകയേ ഗതിയുണ്ടായിരുന്നുള്ളൂ. മൺറോയുടെ ജീവചരിത്രം എഴുതപ്പെടേണ്ട ഒന്നാണ്. തിരു-കൊച്ചിയെ സംബന്ധിച്ചിടത്തോളം, അതിനു തക്ക പ്രാധാന്യമുള്ള ചരിത്രപുരുഷനാണദ്ദേഹം" എന്നാണു 'ജീവിതസമരം' എന്ന ആത്മകഥയിൽ കേശവൻ പറഞ്ഞിട്ടുള്ളത്.

എന്നാൽ മൺറോ തിരുവിതാംകൂറിൽ വരുമ്പോൾ മലയാളത്തിൽ വേദപുസ്തകം ഉണ്ടായിരുന്നില്ല. അതുകൊണ്ട് മൺറോ വായിച്ച ഇംഗ്ലീഷ് വേദപുസ്തകമാണു കേരളത്തിലെ നവോത്ഥാനത്തിനു വഴി തെളിച്ചത് എന്നു വേണം പറയാൻ. മൺറോ വായിച്ച ബൈബിൾ സാമൂഹ്യപരിവർത്തനത്തിനും വിദ്യാഭ്യാസപുരോഗതിക്കും തദ്വാരാ കേരളീയനവോത്ഥാനത്തിനും കാരണമായി. ആധുനികമലയാളസാഹിത്യത്തിലെ ക്രിസ്തീയസ്വാധീനം അതിന്റെ ഉത്തരഭാഗമായി ചേർത്തുവായിക്കുകയുമാവാം. ഒരു കമ്മതിക്കണക്കിൽ പറഞ്ഞാ, നൂറ്റമ്പതു സംവത്സരങ്ങൾ (1810 - 1955) കൊണ്ട് ഒരു കമ്യൂണിസ്റ്റു മന്ത്രിസഭയ്ക്കായി കേരളത്തെ പരുവപ്പെടുത്തിയതിൽ ബൈബിളിനു വലിയ പങ്കുണ്ട്.

മൺറോ കണ്ട തിരുവിതാംകൂറിൽ അടിമകളുണ്ടായിരുന്നു. ദൈവം സൃഷ്ടിച്ച മനുഷ്യർക്കു മുഴുവൻ ഉടമ ദൈവമാണെന്നു മൺറോ പഠിച്ചതു ബൈബിളിൽ നിന്നാണ്. ഇംഗ്ലണ്ടിലെ ചർച്ച് മിഷൻ സൊസൈറ്റി വില്യം വിൽബർഫോഴ്സിനൊപ്പം നിന്ന ആദർശശാലികളുടെ സമൂഹമായിരുന്നു എന്നതും ഇവിടെ സ്മർത്തവ്യമത്രെ.

തിരുവിതാംകൂറിലും കൊച്ചിയിലും അടിമ സ്വത്തായിരുന്നു. ഭൂമി പോലെ തന്നെ. മൂന്നു തരം: ജന്മം, പാട്ടം, കാണം. ഉടമയ്ക്കു പൂർണവും സ്ഥിരവുമായ അവകാശമുള്ള അടിമയാണു ജന്മം. ഒരു നിശ്ചിതകാലത്തേയ്ക്കു പ്രതിഫലം കൊടുത്ത് ഒപ്പം നിർത്തുന്നതു പാട്ടം. വിലയുടെ പകുതിയോ മൂന്നിൽ രണ്ടോ കൊടുത്ത് അനിശ്ചിതകാലത്തേയ്ക്കു വാങ്ങുകയും ആ തുക തിരികെ കിട്ടുമ്പോൾ അടിമയെ പഴയ ഉടമസ്ഥനു മടക്കിക്കൊടുക്കുകയും ചെയ്യുന്നതു കാണം. മൺറോ ഈ പരിപാടിയിലെ അന്യായം റാണിയുടെ ശ്രദ്ധയിൽ പെടുത്തി. 1812 ഡിസംബർ 6 അഥവാ 987 വൃശ്ചികം 21 ആണ് അടിമവ്യാപാരം നിർത്തലാക്കുന്ന വിളംബരത്തിന്റെ തീയതി. വിളംബരം ഇങ്ങനെ:

"പത്മനാഭ വല്ലഭി വഞ്ചിധർമ്മ വർദ്ധനീ രാജരാജേശ്വരീ റാണി ലക്ഷ്മീഭായി മഹാരാജാവ് അവർകൾ സകലമാന ജനങ്ങൾക്കും പ്രസിദ്ധപ്പെടുത്തുന്ന വിളംബരം.

ഈ രാജ്യത്തിൽ ഒള്ളവയും പിറരാജ്യത്തിൽ ഒള്ളവരും ഈ സംസ്ഥാനത്ത് പല ജാതികളിലും ഒള്ള കുഞ്ഞുകുട്ടികളെയും പെണ്ണുങ്ങളെയും ലാഭസംഗതിയായിട്ട് ചുരുങ്ങിയ വിലയ്ക്ക് വാങ്ങിക്കയും ഏറിയ വിലയ്ക്ക് വിക്കയും പിറനാട്ടുമെൽ കൊണ്ടുപോകയും ആയത് തുറമുഖത്ത് സ്ഥലങ്ങളിൽ പണ്ടാരവകയിൽ അറിയുന്നവകക്ക് തീരുവ വാങ്ങിക്കയും ഇതിൻവണ്ണം ആളുകളെ വിക്കുന്ന കാര്യം ഒരു കച്ചോടമര്യാദ പ്രകാരമായിട്ട് തീർന്നിരിക്കകൊണ്ടും ഇത് എത്രയും മര്യാദകെടും ദുര്യശയ്സ്സും ആയിട്ടുള്ള കാര്യം നടക്കാതെ ഇരിക്കേണ്ടുന്നതിന് പ്രസിദ്ധപ്പെടുത്തുന്നത് എന്തെന്നാൽ:

കൃഷി മുതലായിട്ടുള്ള വേലകൾക്ക് അതതു ദിക്കുകളിലെ മര്യാദപോലെ കുറവർ, പറയർ, പുലയർ, പള്ളർ, മലയർ, വേടർ മുതലായ ആളടിയാരെ കുടിയാനവന്മാരെ തമ്മിൽ ഒറ്റിയും ജന്മവും പാട്ടവുമായിട്ട് നട്ടവൻ മൂത്ത കരക്കാരെക്കൊണ്ട് ആധാരം എഴുതി വാങ്ങിക്കയും കൊടുക്കയും അവര് കൃഷിവേല കാര്യങ്ങൾ ചെയ്യിച്ചുവരികയും മാമൂലായിട്ട് എല്ലാ ദിക്കിലും നടന്നുവരുന്ന മര്യാദപ്രകാരം ഒള്ളത് ഒഴികെ ശേഷം ജാതിക്കാരെ അവരവരുടെ വംശത്തിൽ ഒള്ളവർ എങ്കിലും മറ്റ് ആരെങ്കിലും വിക്കയും വാങ്ങിക്കയും പണ്ടാരവകക്കു തീരുവ വാങ്ങിക്കയും അരുതെന്ന് ഉറപ്പായിട്ട് കൽപ്പിച്ചിരിക്കുന്നു. ഈ കൽപ്പന ലംഘിച്ച് ആളുകളെ വിക്കയും വാങ്ങിക്കയും ചെയ്താൽ അവരിടെ വസ്തുവക സർവ്വസ്വവും പണ്ടാരവകയായിട്ട് ചേർത്ത് വലുതായിട്ടുള്ള ശിക്ഷയും ചെയ്ത് നാട്ടിൽ നിന്നും പുറത്തുകളയുകയും ചെയ്യും എന്ന 987-ആമാണ്ട് വൃശ്ചികമാസം 21-ആം തീയതി."

മൺറോയുടെ ഒരു പ്രധാന പരിഷ്കാരം നീതിനിർവഹണമേഖലയിലായിരുന്നു. ബൈബിൾ വായിച്ച മൺറോയ്ക്കു മുൻപ് ബ്രാഹ്മണനു ഒരു നീതി, ശൂദ്രനു മറ്റൊന്ന്, അവർണനു വേറൊന്ന് - ഇങ്ങനെയൊക്കെ ആയിരുന്നു. മൺറോ അവതരിപ്പിച്ച സിദ്ധാന്തം ശിക്ഷ കുറ്റത്തെയാണ്, കുറ്റവാളിയെയല്ല ആശ്രയിച്ചിരിക്കേണ്ടത് എന്നതായിരുന്നു. ഒരു കൊലപാതകം നടന്നാൽ കൊലപാതകമാണു മുഖ്യഘടകം. ചെയ്തതു ബ്രാഹ്മണനായാലും ചണ്ഡാളനായാലും കൊല കൊല തന്നെ.

യരുശലേം ദേവാലയത്തിൽ പ്രാർത്ഥിക്കുന്ന കീഴ്ജാതിക്കാരന്റേയും വിദേശിയുടേയും പ്രാർത്ഥന കേൾക്കണം എന്നു യാഹ്‌വെയോട് അപേക്ഷിച്ച ശലോമോനെയാണു ക്ഷേത്രഭരണം ഏറ്റെടുത്ത മൺറോ ഓർമ്മിപ്പിക്കുന്നത്. മൺറോ ക്ഷേത്രങ്ങൾ ഇങ്ങനെ ഏറ്റെടുത്തതുകൊണ്ടാണു പിൽക്കാലത്ത് അവർണർക്കു ക്ഷേത്രപ്രവേശനം ഉറപ്പുവരുത്താൻ തിരുവിതാംകൂർ മഹാരാജാവിനു കഴിഞ്ഞത്. സർക്കാർ ക്ഷേത്രങ്ങൾക്കു മാത്രമായിരുന്നു വിളംബരം ബാധകം എന്നോർക്കുക. തിരുവിതാകൂറിന്റെ സാമൂഹികനവോത്ഥാനത്തിലെ പ്രധാനപ്പെട്ടൊരു അടയാളപ്പലകയായിരുന്ന ക്ഷേത്രപ്രവേശനവിളംബരം എന്നോർക്കുമ്പോഴാണു ബൈബിളും ക്ഷേത്രപ്രവേശനവും തമ്മിലുള്ള ബന്ധം തെളിയുന്നത്.

ഇതു പോലെ തന്നെ പ്രധാനമാണ് ആധുനികവിദ്യാഭ്യാസത്തിനു മിഷണറികൾ നൽകിയ പ്രാധാന്യം. നേരത്തേ പറഞ്ഞതു പോലെ, സുറിയാനി ക്രിസ്ത്യാനികൾക്കു ബൈബിൾ പ്രാപ്യമായിരുന്നില്ല. പോർച്ചുഗീസ് മിഷണറിമാർ കത്തോലിക്കരായിരുന്നു. അവർ തീരദേശങ്ങളിൽ വ്യാപകമായി മതപരിവർത്തനം നടത്തിയെങ്കിലും വിദ്യാഭ്യാസത്തിൽ അവർക്കും ശ്രദ്ധയുണ്ടായില്ല: പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ ബൈബിൾവായന കത്തോലിക്കാസഭ പ്രോത്സാഹിപ്പിച്ചിരുന്നില്ലല്ലോ. എല്ലെമ്മെസ് - സീയെമ്മെസ് മിഷണറിമാരാണു ബൈബിൾ വായന പ്രോത്സാഹിപ്പിച്ചത്. അവർ വേദപുസ്തകം മലയാളത്തിലാക്കിയത് അതു സാധാരണക്കാർക്കു പ്രാപ്യമാകാനായിരുന്നു. അതു പ്രചരിപ്പിക്കാനാണ് അവർ അച്ചടി ഇവിടെ എത്തിച്ചത്.

ബൈബിൾ മലയാളത്തിലാക്കിയതു നവോത്ഥാനത്തിന്റെ രണ്ടു ഘടകങ്ങൾക്കു കാരണമായി. ഒന്നാമത് മലയാളഗദ്യത്തിന് അതോടെ ഒരു മാനകമാതൃകയുണ്ടായി. അതിനു മുൻപു തന്നെ നമുക്കു ഗദ്യമുണ്ടായിരുന്നു എന്നതു ശരി. എന്നാലത് ജാതിയനുസരിച്ചും ഭൂപ്രദേശമനുസരിച്ചും പ്രതിഭിന്നമായിരുന്നു. കോട്ടയം മുതൽ കുന്നംകുളം വരെയെന്ന് ഏകദേശമായി നിർവചിക്കാവുന്ന ഭൂപ്രദേശത്തു നായന്മാരും സുറിയാനി ക്രിസ്ത്യാനികളും ഉപയോഗിച്ചിരുന്ന ഗദ്യമാണു കേരളത്തിൽ എവിടെയെങ്കിലും ഏറ്റവും കൂടുതൽ ജനങ്ങൾ ഉപയോഗിച്ചിരുന്ന ഗദ്യമെന്നു ബെയ്‌ലിക്ക് ചാത്തുമേനോൻ പറഞ്ഞുകൊടുത്തിടത്താണു മലയാളഗദ്യത്തിന്റെ മാനകഭാവം ഉരുത്തിരിയുന്നത്. കായംകുളം ഫിലിപ്പോസ് റമ്പാനും പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനും പരിചയമുണ്ടായിരുന്ന ഭാഷയാണല്ലോ റമ്പാൻ ബൈബിളിൽ. അതിൽ നിന്നു കാലഭേദം കൊണ്ടു ന്യായീകരിക്കാവുന്ന മാറ്റം മാത്രമാണു ചാത്തുമേനോൻ ഉപയോഗിച്ച ഭാഷയിലും കാണുന്നത്.

രണ്ടാമത് ബൈബിൾ വിവർത്തനം നവോത്ഥാനവഴിയിലെ നാഴികക്കല്ലായതു ബെയ്‌ലി നാം ഉപയോഗിക്കുന്ന അക്ഷരങ്ങൾ രൂപപ്പെടുത്തിയതിനാലാണ്. വട്ടെഴുത്തിലും കോലെഴുത്തിലും ചതുരവടിവിലും നിന്നും മുന്നോട്ടുള്ള യാത്രയാണല്ലോ, ഈ ഉരുണ്ട അക്ഷരങ്ങൾ സൂചിപ്പിക്കുന്നത്.

വിദ്യാഭ്യാസത്തെക്കുറിച്ചു പറഞ്ഞു. എന്റെ നാടായ കുറുപ്പംപടിയിൽ പോലും സായിപ്പ് പള്ളിക്കൂടം തുടങ്ങി. 1821ൽ തോമ്മാ എന്ന വാധ്യാരും പത്തുകുട്ടികളും. പിറകെ, അധ്യാപകൻ പൗലോസ്; കുട്ടികളുടെ സംഖ്യ 22. അതുൾപ്പെടെയുള്ള വിവരങ്ങൾ സീയെമ്മെസ്സിന്റെ റിപ്പോർട്ടുകളിലുണ്ട്. എന്നാൽ ഞങ്ങളുടേതു പോലെ യാഥാസ്ഥിതികമായ ഇടങ്ങളിൽ അവർക്കു മിഷൻസ്റ്റേഷനുകളുണ്ടായില്ല. എന്റെ പിതാമഹിയുടെ മാതുലൻ പൊയ്ക്കാട്ടിൽ ചാക്കോ അബ്രഹാം മൽപാൻ - ഭാഗ്യസ്മരണാർഹനായ മാത്യൂസ് മാർ ബർനബാസിന്റെ മാതാമഹൻ - മിഷണറിമാരോട് അടുപ്പം പുലർത്തിയെന്നു പറഞ്ഞ് 'ഊരുവിലക്ക്' കല്പിച്ചവരാണ് അന്നാട്ടുകാർ. ഒടുവിൽ പുലിക്കോട്ടിൽ തിരുമേനിയുടെ പ്രത്യേക കല്പന വേണ്ടിവന്നു, അദ്ദേഹത്തെ കബറടക്കാൻ. എന്നാൽ കോട്ടയം മുതൽ തെക്കോട്ട് അവസ്ഥ അതായിരുന്നില്ലല്ലോ. അതുകൊണ്ട് അവിടെയൊക്കെ അവർക്കു മിഷനുകളുണ്ടായിരുന്നു. ഈ മിഷനുകളിലൊക്കെ റീഡർമാരുണ്ടായിരുന്നു. ഒരു ചെറിയ പുര. ഇക്കാലത്തെ വായനശാല പോലെ തന്നെ, ഏതാണ്ട്. അവിടെ ഒരു ഉയർന്ന തറ കാണും. അതിന്മേൽ കയറി നിന്ന് റീഡർമാർ ബൈബിൾ വായിക്കും. പിന്നെ സാരോപദേശങ്ങളടങ്ങിയ ഇതരകൃതികളും. "ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ലീഷിൽ നിന്നു പരിഭാഷപ്പെടുത്തിയ കഥകൾ", "മദ്യനിരോധിനി", "രണ്ട് ആട്ടുക്കുട്ടികൾ", "മിസ്ട്രസ് ഷെർവുണ്ടിന്റെ ഇൻഡ്യൻ പിൽഗ്രിം" തുടങ്ങിയവ ഇങ്ങനെ വായിച്ചിരുന്നു. പള്ളിക്കൂടങ്ങളിൽ പഠിച്ച് ആധുനികവിദ്യാഭ്യാസം നേടാൻ കഴിയാതിരുന്ന തലമുറയ്ക്ക് - ദ് മിസ്ഡ് ജനറേഷൻ - ഈ റീഡർ പരിപാടി ഉപകാരപ്രദമായി.

ഭാഷ, ലിപി, വായനാശീലം, പൊതുവിദ്യാഭ്യാസം എന്നീ നാലു മേഖലകളിലേയും മിഷണറി ഇടപെടലുകൾ കേരളീയനവോത്ഥാനത്തിലേയ്ക്കു നൽകിയ സംഭാവനകൾ ശ്രദ്ധേയമാണ്. ഇതിനൊക്കെ അടിസ്ഥാനമായത് ബൈബിൾ തന്നെ. ഭാഷയുടേയും ലിപിയുടേയും കാര്യത്തിൽ വിശേഷിച്ചും.

ബൈബിളിന്റെ നവോത്ഥാനോന്മുഖമായ സംഭാവനയുടെ ഒരു തലം കൂടി ഹ്രസ്വമായി പരാമർശിച്ചുകൊണ്ട് ഈ പ്രബന്ധം ഉപസംഹരിക്കാം. മലയാളസാഹിത്യത്തിലെ ബൈബിൾ സ്വാധീനത്തെക്കുറിച്ചാണു പറയാൻ പോകുന്നത്. മതസാഹിത്യത്തിലും മതനിരപേക്ഷസാഹിത്യത്തിലും ബൈബിൾ സൂചനകൾ വ്യക്തമായി കാണാം.

മതസാഹിത്യത്തിൽ ബൈബിൾ സ്വാധീനത ചെലുത്തിയത് അത്ര പ്രധാനമാണോ എന്നു ചോദിക്കരുത്. ബൈബിൾ വ്യാപകമായി വായിക്കപ്പെടാതിരുന്ന കാലത്ത് ഉദയമ്പേരൂർ സുന്നഹദോസിന്റെ കാനോനാകളിലും "സംക്ഷേപവേദാർത്ഥ"ത്തിലും കരിയാറ്റിൽ മൽപാന്റെ "വേദതർക്ക"ത്തിലും ബൈബിൾ അടിസ്ഥാനധാരയാവുന്നതു നവോത്ഥാനപ്രവണതകളുടെ ഭാഗമായിത്തന്നെ കാണണം. തീണ്ടൽ തുടങ്ങിയ അനാചാരങ്ങൾക്കെതിരെ തീരുമാനിക്കുമ്പോൾ അന്തിമന്യായവിധിയെക്കുറിച്ചു സൂചിപ്പിക്കുന്നത് ഓർക്കുക. "തമ്പുരാന്റെ തിരുമുമ്പിൽ നല്ല കൊലം തണ്യ കൊലം എന്നും അച്ചനും ചെറുക്കനും എന്നും എളിയവനും പെരിയവനും എന്നും ഇല്ല. അത് എന്തെ?" കാനോനാ തന്നെ വിശദീകരിക്കുന്നുണ്ട്, അടുത്ത വാക്യത്തിൽ. അന്തിമന്യായവിധിവേളയിലും തിരുവത്താഴമേശയിലും വലിപ്പച്ചെറുപ്പമില്ല എന്നതാണു കാരണം.

അർണോസു പാതിരിയുടെ പുത്തൻപാറയും ചതുരന്ത്യവും മുതൽ ചെറിയാൻ മാപ്പിളയും കെ വി സൈമണും രചിച്ച മഹാകാവ്യങ്ങൾ വരെ കവിതയിലും, കോളിൻസ് മദാമ്മ മുതൽ പോഞ്ഞിക്കര റാഫി വരെ നോവലിലും, കണ്ടത്തിൽ വർഗീസ് മാപ്പിള മുതൽ സി ജെ തോമസ് വരെ നാടകത്തിലും ബൈബിളിന്റെ സ്വാധീനത വ്യക്തമാണ്.

സത്യവേദപുസ്തകത്തിന്റെ മലയാളം കിങ് ജയിംസ് വേർഷനിലെ ഇംഗ്ലീഷ് പോലെ മനോഹരമാണ് എന്നാണ് എനിക്കെന്നും തോന്നിയിട്ടുള്ളത്. ഭാഷ വളരുകയും ശൈലികൾ മാറുകയും ചെയ്യുന്നതിനൊപ്പം പുതിയ വിവർത്തനങ്ങൾ ഉണ്ടാകാതിരുന്നതിനാലാണ് മറിച്ചൊരു ധാരണ ഉപരിതലത്തിൽ മാത്രം ശ്രദ്ധിക്കുന്നവരിൽ ഉരുത്തിരിഞ്ഞത് എന്നാണ് എന്റെ പക്ഷം. പാറപ്പുറത്തെ വിടുക. സി വി ബാലകൃഷ്ണനും സതീഷ് ബാബു പയ്യന്നൂരും യഥാക്രമം "ആയുസ്സിന്റെ പുസ്തകം", "വിലാപവൃക്ഷത്തിലെ കാറ്റ്" എന്നീ കൃതികളിൽ ഉപയോഗിക്കുന്ന ബൈബിൾ ഭാഷയും

സത്യവേദപുസ്തകത്തെക്കുറിച്ചുള്ള ഈ നിരീക്ഷണവും, പി ഓ സിയും അതിലേറെ ഓശാനയും ഭാഷയിലെ വ്യതിയാനത്തെക്കുറിച്ചുള്ള നിരീക്ഷണവും ശരിവയ്ക്കുന്നതാണ്.

ചുരുക്കിപ്പറഞ്ഞാൽ, കേരളീയനവോത്ഥാനത്തിലെ അതിപ്രധാനമായ - ഒരുപക്ഷേ ഏറ്റവും വലിയ - പ്രേരണ വേദപുസ്തകം തന്നെയാണ്. ശ്രീനാരായണനേയും ചട്ടമ്പിസ്വാമികളേയും മന്നത്തു പത്മനാഭനേയുമൊന്നും ബൈബിൾ നേരിട്ടു സ്വാധീനിച്ചില്ല എന്നു പറയാമായിരിക്കുമെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ അവരുടെ പ്രവർത്തനങ്ങൾക്കും അരങ്ങൊരുങ്ങിയത് മലയാളിക്കു ബൈബിൾ ലഭ്യമായതിന്റെ തുടർച്ചയാണ്.

ബൈബിൾവിശ്വാസികൾക്കു മതഗ്രന്ഥമാണ്, സംശയം വേണ്ട. എന്നാൽ, അതു വിശ്വാസികളുടെ മതഗ്രന്ഥം മാത്രമല്ല. മനുഷ്യരാശിയുടെ ചരിത്രത്തിലെ വഴിവിളക്കാണത്. അതുകൊണ്ടാണ് ഇന്നും ക്രിസ്ത്യാനികൾ ന്യൂനപക്ഷമായിരിക്കുന്ന കേരളസമൂഹത്തിൽ ആദർശത്തിന്റേയും ദർശനത്തിന്റേയും തലത്തിൽ ബൈബിൾ നിർണായകമായൊരു സ്വാധീനമായിരിക്കുന്നതും. “അസ്തീത്യേവോപലബ്ധവ്യ” എന്നു നാം ബൈബിളിൽ വായിക്കുന്നില്ല. എന്നാൽ ആത്യന്തികമായി ബൈബിൾ പറഞ്ഞുതരുന്നത് അതു തന്നെയാണ്: ഈശ്വരൻ സദാ സർവത്രയുണ്ട് എന്നോർമ്മിച്ചുകൊണ്ട് ഈശ്വരസാക്ഷാൽക്കാരത്തിനായി യത്നിക്കുക.

ഭാഗവതസപ്താഹങ്ങളിലും മാരാമൺ കൺവെൻഷനിലും പ്രസംഗിക്കുന്നയാളാണു ഞാൻ. ഭാഗവതപാഠങ്ങൾ ബൈബിളുപയോഗിച്ചും, ബൈബിൾ ഭാഗവത-രാമായണാദി പ്രയോജനപ്പെടുത്തിയും പറഞ്ഞുകൊടുക്കുമ്പോൾ മറ്റൊരു മതത്തിന്റെ ഗ്രന്ഥമാണു ഞാനുപയോഗപ്പെടുത്തുന്നതെന്ന് ശ്രോതാക്കളിൽ ഭൂരിപക്ഷവും ഗ്രഹിക്കാറില്ല. അതാണു വേദത്തിന്റെ സാർവത്രികതയെക്കുറിച്ച് എന്നെ ബോധവാനാക്കുന്നത്. അതുകൊണ്ടാണു മലയാളത്തിൽ വായിക്കുന്ന വേദപുസ്തകം മതഭേദമെന്യേ മലയാളിയുടെ മഹാപൈതൃകമാണെന്നു ഞാൻ കരുതുന്നതും.